ഗവൺമെന്റ് നഴ്സുമാരെ ഡ്യൂട്ടിക്കു നിയോഗിച്ച നടപടി

199 (1134) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഒക്ടോബർ 20,21,22 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന മാർക്സിറ്റ് പാർട്ടിയുടെ പ്രത്യേക സമ്മളനത്തിലേയ്ക്കു എത്ര ഗവ. നഴ്സുമാരെ ഡ്യൂട്ടിക്കു നിയോഗിച്ചിരുന്നു ; അവർ ആരെല്ലാം ;

(ബി) അവരുടെ സമ്മതപ്രകാരമാണോ നിയമനം നടത്തിയത് ;

(സി) ഇപ്രകാരം ഗവ.നഴ്സുമാരെ ഡ്യൂട്ടിക്കു നിയമിച്ചത് നിയമാനുസൃതമാണോ ; എങ്കിൽ നിയമത്തിന്റെ പ്രസക്ത ഭാഗം മേശപ്പുറത്തു വയ്ക്കാമോ ?

ഉത്തരം

(എ) 7 പേരെ നിയമിച്ചിരുന്നു.

റ്റി.ആർ. ലക്ഷ്മികുട്ടി അമ്മ	ഹെഡ്നേഴ്സ്
ജി. ശാന്തകുമാരി	ഹെഡ്നേഴ്സ്
സി. സോമശേഖരൻ നായർ	സ്റ്റാഫ് നേഴ്സ്
ആർ. ജെ. ബേബി	സ്റ്റാഫ് നേഴ്സ്
സി. വി. വിജയകുമാർ	സ്റ്റാഫ് നേഴ്സ്
എസ്. എസ്. ശ്യാം	സ്റ്റാഫ് നേഴ്സ്
വി. ആർ. വിനു	സ്റ്റാഫ് നേഴ്സ്

(ബി) ജീവനക്കാരുടെ സമ്മതം ആവശ്യമില്ല.

(സി) നിയമാനുസൃതമാണ്. വിശിഷ്ടാതിഥികൾ പങ്കെടുക്കുന്നതോ അല്ലെങ്കിൽ വലിയ ജനക്കൂട്ടം ഉണ്ടാകുന്നതോ ആയ പരിപാടികളിൽ സംഘാടകരുടെ രേഖമൂലമുള്ള ആവശ്യപ്രകാരം ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സേവനം ലഭ്യമാക്കാറുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി ലക്ചറർമാരായി നിയമിക്കപ്പെടുന്നതിനുവേണ്ട അടിസ്ഥാന യോഗ്യത

200 (1135) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസിക്ക് എത്ര ഡിപ്പാർട്ടുമെന്റുകളാണ് ഇപ്പോൾ ഉള്ളത് ; ഓരോന്നും രൂപീകരിച്ച് സർക്കാർ ഉത്തരവിന്റെ വിശദാംശം നൽകാമോ ;

(ബി) ജി.ഒ. (പി) നമ്പർ 4/2000/എച്ച്. ആന്റ് എഫ്.ഡബ്ല്യൂ.ഡി. തീയതി 4-1-2000 എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫാർമസിയിൽ ഏതെല്ലാം വിഭാഗങ്ങളിലേയ്ക്കാണ് ഡി. പി. സി. കൂടി തീരുമാനം എടുത്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly